58 (476) സ്വാശ്രയ കോളേജുകൾ

ശ്രീ. പാലോട് രവി :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ കോളേജുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഈ സ്വാശ്രയ കോളേജുകളിലെ പേയ്മെന്റ് സീറ്റുകൾക്ക് വേണ്ടി എന്തെങ്കിലും നിക്ഷേപം നല്കേണ്ടതുണ്ടോ; എങ്കിൽ എന്തു തുക എന്ന് വെളിപ്പെടുത്തുമോ;

(സി) ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ് എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ കോളേജുകൾ ആരംഭിച്ചപ്പോൾ പേയ്മെന്റ് സീറ്റുകൾക്കുവേണ്ടി നിക്ഷേപം സ്വീകരിക്കുന്നതിനെ സുപ്രീംകോടതി വിമർശിച്ചിരുന്നുവോ;

(ഡി) അതനുസരിച്ച് 1996-ൽ പേയ്മെന്റ് സീറ്റുകൾക്ക് നിക്ഷേപ തുക സ്വീകരിക്കുന്ന നടപടി നിർത്തി വച്ചുവോ;

(ഇ) പേയ്മെന്റ് സീറ്റുകൾക്കുവേണ്ടി നിക്ഷേപം സ്വീകരിക്കുന്ന നടപടി പുനഃരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(എഫ്) കൊച്ചി സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഫ്രീ സീറ്റ് ഇല്ലാത്ത ഒരു സ്വാശ്രയ കോളേജ് നടത്തുവാൻ അനുമതി നല്കിയിട്ടുണ്ടോ;

(ജി) എങ്കിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരെ പ്രത്യേകിച്ച് പിന്നോക്ക സമുദായങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഐ.എച്ച്.ആർ.ഡി പത്തനംതിട്ടയിലും കൊച്ചി സർവകലാശാല ആലപ്പുഴയിലും എം.ജി. യൂണിവേഴ്സിറ്റി തൊടുപുഴയിലും സഹകരണ വകുപ്പ് വടകരയിലും എഞ്ചിനീയറിംഗ് കോളേജുകളും., പടുവത്തും, മല്ലപ്പള്ളിയിലും ഓരോ അപ്ലൈഡ് സയൻസ് കോളേജുകളും, കോടതി ഉത്തരവിനെ തുടർന്ന് കൊല്ലത്ത് ഒരു സ്വാശ്രയ ട്രെയിനിംഗ് കോളേജ് സ്വകാര്യ മേഖലയിലും അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ കോഴ്സ് അവസാനിച്ചശേഷം തിരികെ നൽകുന്ന പലിശ ഇല്ലാത്ത നിക്ഷേപമായി ഒരു ലക്ഷം രൂപ നല്കേണ്ടതുണ്ട്.

(സി) ഉണ്ട്.

(ഡി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1997-98, 1998-99 എന്നീ അദ്ധ്യയന വർഷങ്ങളിൽ നിക്ഷേപത്തുക സ്വീകരിക്കുന്ന നടപടി നിർത്തി വച്ചു.

(ഇ) ഉണ്ട്. സ്വാശ്രയ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു മുൻ വർഷങ്ങളിൽ സ്വീകരിച്ച നിക്ഷേപതുക തിരികെ

LIBRARY ARCHIVES Kerala Legislative Assembly

നല്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിലേക്കായി 1999-2000 അദ്ധ്യയന വർഷം മുതൽ നിക്ഷേപം സ്വീകരിക്കുന്ന നടപടി പുനഃരാരംഭിച്ചു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

59 (477) എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രിതലത്തിൽ പാർട്ട്-ടൈം പഠനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രി തലത്തിൽ പാർട്ട്-ടൈം പഠനം ഇപ്പോൾ എവിടെയൊക്കെയാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് ഉള്ള പ്രവേശനത്തിന് സംവരണ തത്വങ്ങൾ പാലിക്കപ്പെടാറുണ്ടോ;

(സി) 1999-2000 വർഷത്തിൽ ഓരോ സ്ഥാപനങ്ങളിലും പ്രവേശനം നേടിയവരുടെ മെറിറ്റ് ലിസ്റ്റും സംവരണ ലിസ്റ്റും ലഭ്യമാക്കുമോ?

ഉത്തരം

(എ) സെൻട്രൽ പോളിടെക്നിക് വട്ടിയൂർക്കാവ് തിരുവനന്തപുരം, മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ, ഗവണ്മെന്റ് പോളിടെക്നിക് കളമശ്ശേരി, കോഴിക്കോട്, കോട്ടയം, പാലക്കാട് കണ്ണൂർ എന്നിവിടങ്ങളിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പാർട്ട്-ടൈം പഠനം നിലവിലുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും കൊല്ലത്തെ തങ്ങൾക്കുഞ്ഞ് മുസല്യാർ എഞ്ചിനീയറിംഗ് കോളേജുകളിലുമാണ് എഞ്ചിനീയറിംഗ് ഡിഗ്രി പാർട്ട്-ടൈം പഠനം നിലവിലുള്ളത്.

(ബി) പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണ തത്വം പാലിക്കാറുണ്ട്.

(സി) ടി സ്ഥാപനങ്ങളിലെ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല.

60 (478) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ നടത്തുന്ന കോഴ്സുകൾ

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്തെല്ലാം കോഴ്സുകൾ നടത്തുന്നുണ്ട്;

(ബി) ഇവയ്ക്ക് സംസ്ഥാന സർക്കാരിന്റെയും സർവകലാശാലയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly